നിനച്ചിരിക്കാതെ

ഏകമകനായിരുന്നതിനാൽ സുബൈറിനെ അങ്ങേയറ്റം ലാളനയോടെയായിരുന്നു അവന്റെ മാതാപിതാക്കൾ വളർത്തിയത്.

എന്ത് പ്രയാസം സഹിച്ചും തങ്ങളുടെ പുന്നാര മകന്ന് ഒരു വിഷമവും വരരുത് എന്ന അവരുടെ നിശ്ചയദാർഢ്യം അവൻ ആശിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കാൻ അവരെ നിർബന്ധിതരാക്കി.

പട്ടവും പമ്പരവും പരിചയമില്ലാത്ത കുഞ്ഞുനാളിൽ തന്നെ വെളുവെളുത്ത 'ടാബ്' അവന്റെ കളിക്കൂട്ടുകാരനായിരുന്നു. വൈഷമ്യങ്ങളൊന്നുമറിയാതെ അവൻ സന്തോഷപൂർവം കഴിഞ്ഞുപോന്നു.

ഘടികാരസൂചി അക്ഷീണം ചലിച്ചുകൊണ്ടേയിരുന്നു. അവന്റെ കുഞ്ഞിക്കാലുകൾ വളർന്നു വലുതായി. എൽ. കെ. ജി, യു. കെ. ജി. ..... പത്താം ക്ലാസ്സ്... അങ്ങനെയങ്ങനെ സ്കൂൾ വരാന്ത വിട്ട് അവൻ കോളേജു വരാന്തകൾ കയറിയിറങ്ങാൻ തുടങ്ങി. കൂട്ടുകാരോടൊപ്പം തന്റെ ജീവിതം അവൻ ആവുന്നത്ര ആനന്ദപൂരിതമാക്കി.

കാല്പന്തുകളിയുടെ ഭ്രമക്കാരനായിരുന്ന അവന്റെ ഇഷ്ടതാരമായിരുന്നു മെസ്സി. കോളേജ് വിട്ടു വന്നാലുള്ള കാല്പന്തുകളി അവന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായിരുന്നു. കളിക്കിടയിൽ ഉള്ള ഫോട്ടോകളും സെൽഫികളും ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത് അവൻ ലൈക്കുകൾ കുറച്ച് സമ്പാദിച്ചിരുന്നു.

അതിവിശാലമാണ് ഫുട്ബോൾ മൈതാനം, അതിനോടടുത്തായി ചെറിയൊരു കുളം, തൊട്ടടുത്ത് ഒരു പള്ളിയും. എന്നും മഗ്‌രിബിനോടടുത്ത് കളി കഴിഞ്ഞ് മടങ്ങുമ്പോൾ പള്ളിയിലേക്ക് പോകുന്ന ഒരു വൃദ്ധനെ അവൻ കാണാറുണ്ട്.

കാണുമ്പോഴെല്ലാം അദ്ദേഹം അവനോട് സലാം പറയാറുണ്ടായിരുന്നു. ആദ്യമൊന്നും അവൻ അയാളെ ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഈ കൂടിക്കാഴ്ച്ച പതിവായപ്പോൾ അവന്ന് അയാളെ എപ്പോഴും ഓർമിക്കാമെന്നായി.

കറുപ്പിന്റെ ഒരംശവും ബാക്കി വെക്കാത്ത വിധം നരച്ചു തീർന്ന തലമുടി, നിസ്കാരത്തഴമ്പോടു കൂടിയുള്ള വിശാലമായ നെറ്റി, കുഴിഞ്ഞ കണ്ണുകൾ, ചുക്കിച്ചുളിഞ്ഞ തൊലി, സമൃദ്ധമായ വെളുത്ത താടി, ശരീരത്തിൽ അങ്ങിങ്ങായി വെള്ളപ്പാണ്ടിന്റെ അടയാളങ്ങൾ....

പ്രായമേറെ ആയെങ്കിലും ആ മനുഷ്യൻ അഞ്ചുനേര നമസ്കാരങ്ങൾക്ക് ആദ്യ സ്വഫ്ഫിൽ തന്നെ ഉണ്ടായിരുന്നു. വിറയാർന്ന ചുണ്ടുകളോടെ, മിടിക്കുന്ന ഹൃദയത്തോടെ, നനവാർന്ന കണ്ണുകളോടെ ദിക്റുകളും ദുആകളുമായി അദ്ദേഹം തന്റെ ജീവിതം അല്ലാഹുവിന്നായി സമർപിച്ചിരുന്നു.

'പ്രായമാവട്ടെ എനിക്കും ഇങ്ങനെയാവണം ' അദ്ദേഹത്തെ കാണുമ്പോഴെല്ലാം അവൻ സ്വന്തത്തോടായി പറഞ്ഞു.

പ്രായം തളർത്താത്ത അദ്ദേഹത്തിന്റെ ഈമാനികമായ ആരോഗ്യം എനിക്കും ഉണ്ടായിരുന്നെങ്കിൽ എന്നവൻ പല തവണ ആശിച്ചിരുന്നു.

നാളുകൾ കൊഴിഞ്ഞു വീണു. യുവത്വത്തിന്റെ പടി കയറാനായെങ്കിലും സുബൈറിനു കളിയോടുള്ള ഭ്രമം വിട്ടുപോയിരുന്നില്ല. അങ്ങനെയാണു തന്റെ ഇഷ്ട ടീമിന്റെ ഫൈനൽ മത്സരം വന്നത്. രാത്രി ഏറെ വൈകിയും സുഹൃത്തുക്കളോടൊപ്പം ഉറക്കമിളച്ച് അവൻ കളിയും കണ്ട് ഇരുന്നു. പുലർച്ചെ, ടീം ജയിച്ച

ജസീൽ കൊടിയത്തൂർ .

സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുമ്പോഴും അവൻ ആ മാന്യ ദേഹത്തെ കണ്ടുമുട്ടി.

'അസ്സലാമു അലൈക്കും വറഹ്മതുള്ളാഹ് '

'വ അലൈക്കുമുസ്സലാം '

ഇഷ്ട ടീം ജയിച്ചതിലുള്ള സന്തോഷത്തിൽ, പിറ്റേന്ന് തോരാത്ത മഴയിലും അവൻ കൂട്ടുകാരോടൊപ്പം ആർത്തുല്ലസിച്ചു. മഴ നനഞ്ഞ് വീട്ടിലെത്തിയപ്പോൾ മാതാപിതാക്കൾ ചൂടേറിയ വാക്കുകളാൽ അവനെ പൊതിഞ്ഞു. അതൊന്നും കാര്യമാക്കാതെ സുബൈർ റൂമിൽ പോയി കിടന്നു. പകൽ സമയം ആർത്തുല്ലസിച്ചതിന്റെ ക്ഷീണം അവൻ ഉറങ്ങിത്തീർത്തു. പിറ്റേന്ന് രാവിലെ ഉമ്മ വന്നു വിളിച്ചപ്പോൾ അവന്ന് ശരീരം ഉയർത്താനായില്ല.

'ഉമ്മാ..'

പതിഞ്ഞ സ്വരത്തിൽ അവൻ ഉമ്മയെ അടുത്തേക്ക് വിളിച്ചു. മകന്റെ വിളിയിൽ എന്തോ പന്തികേട് തോന്നിയ അവർ ' റബ്ബേ എന്റെ മോന് ഒന്നും വരുത്തരുതേ..' എന്ന പ്രാർത്ഥനയോടെ അടുത്തേക്ക് ചെന്നു. നെറ്റിയിൽ വെച്ച പാടെ അവർ കൈ പിന്നോട്ടെടുത്തു. പൊള്ളുന്ന ചൂട്. വേഗം പ്രിയതമനേയും കൂട്ടി ആശുപത്രിയിലേക്ക്. കിട്ടാവുന്നതിൽ ഏറ്റവും നല്ല ഡോക്ടറെ തന്നെ കണ്ടു. അല്പനേരത്തെ പരിശോധനക്കു ശേഷം

'സാരമില്ല ഒക്കെ ശരിയാകും' എന്നും പറഞ്ഞ് ഡോക്ടർ അവരെ പറഞ്ഞുവിട്ടു. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറിച്ചായിരുന്നു. പ്രായമാകാനോ നന്മകൾ ഏറെ ചെയ്യാനോ അല്ലാഹു അവന് അവസരം കൊടുത്തില്ല. പിറ്റേന്ന് പനി മൂർച്ചിച്ച് ആരെയും അറിയിക്കാതെ സുബൈർ ഈ ലോകത്തോട് വിട പറഞ്ഞു. പുന്നാര മകന്റെ വിയോഗത്തിൽ മാതാപിതാക്കൾ കണ്ണുനീർ വറ്റുവോളം കരഞ്ഞു... സുഹൃത്തുക്കൾ വാർത്ത കേട്ട് തരിച്ചു നിന്നു... അധികം താമസിയാതെ വീട്ടുമുറ്റത്ത് ചെറിയൊരു ടാർപായപ്പന്തൽ ഒരുങ്ങി.

'മയ്യിത്ത് നമസ്കാരം വൈകുന്നേരം 5 മണിക്ക്' എന്നെഴുതിയ കടലാസ് ആരോ ചുമരിൽ ഒട്ടിച്ചിരുന്നു. നേരം ഉച്ച ആയപ്പോഴേക്കും മുറ്റം നാട്ടുകാരാൽ നിറഞ്ഞു. അടക്കം പറച്ചിലും ഏങ്ങിക്കരയലും... ശോകമൂകമായ അന്തരീക്ഷം.

വൻ ജനാവലിയുടെ അകമ്പടിയോടെ മയ്യിത്ത് പള്ളിയിലെത്തി. കൃത്യം 5 മണിക്ക് മയ്യിത്ത് നിസ്കാരവും തുടർന്ന് ഖബറടക്കവും കഴിഞ്ഞു. എന്നിട്ടും പല കൂട്ടുകാരും ആ ആഘാതത്തിൽ നിന്നും വിട്ടുമാറിയിരുന്നില്ല. മയ്യിത്ത് നമസ്കരിക്കാനും ഖബറിലേക്ക് മൂന്നു പിടി മണ്ണ് വാരിയിടാനും പ്രായം തളർത്താത്ത ആ വൃദ്ധ സഹോദരൻ അന്നും മുൻ നിരയിലുണ്ടായിരുന്നു.....